

# മതിലകം
# സെന്റ് ജോസഫ്സ് സുറിയാനി ഇടവക

മാർ തോമാശ്ലീഹായുടെ പാദസ്പർശമേറ്റതും പുരാതന കേരളത്തിന്റെ, ചേരരാജ്യത്തിന്റെ തലസ്ഥാനവുമായ കൊടുങ്ങല്ലൂരിൽ നിന്ന് ഏകദേശം 10 കി.മീ. വടക്കുഭാഗത്താണ് മതിലകം എന്ന സ്ഥലം സ്ഥിതിചെയ്യുന്നത്. ക്രിസ്തുശിഷ്യനായ മാർ തോമാശ്ലീഹാ എ. ഡി. 52-ൽ കൊടുങ്ങല്ലൂരിലെ മാല്യങ്കരയിൽ വന്നിറങ്ങി കൊടുങ്ങല്ലൂരിലും പരിസര പ്രദേശത്തും ക്രിസ്തുമതം പ്രചരിപ്പിക്കുകയുണ്ടായി. തൃക്കണാമതിലകം എന്നപേരിലും ഈ സ്ഥലം അറിയപ്പെട്ടിരുന്നു.

ഇന്ന് രണ്ടുരീതിയിൽ രണ്ടിടവകയായി മതിലകത്ത് നിലനില്ക്കുന്ന ക്രിസ്തീയ സമുദായത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അവരുടെ പൈതൃകം ആദ്യനൂറ്റാണ്ടിൽതന്നെ ആയിരുന്നുവെന്ന് മതിലകം പഴയപള്ളി (ലത്തീൻ റീത്തിലുള്ള) സൂചിപ്പിക്കുന്നു.

## പ്രഥമ ദേവാലയം

1887-ൽ തൃശ്ശൂർ വികാരിയാത്ത് സ്ഥാപിക്കുന്നതുവരെ വിദേശ കർമ്മലീത്തർ സുറിയാനി ക്രിസ്ത്യാനികളെ ഭരിച്ചിരുന്ന കാലത്ത് പ്രോസ്പർ എന്ന കർമ്മലീത്ത മിഷനറി മതിലകം സീറോ മലബാർ പള്ളിയിലെ സ്വാധീനം ഉപയോഗിച്ച് ലത്തീൻ റീത്തിൽ ചേർക്കുകയും വരാപ്പുഴ രൂപതയിൽപ്പെടുത്തുകയും ചെയ്തു. നൂറ്റാണ്ടുകളായുള്ള തങ്ങളുടെ അപ്പസ്തോലിക പൈതൃകം സംരക്ഷിക്കുവാൻ ദൃഢചിത്തരായ കുറച്ചുപേർ ഒരു ഫർലോങ്ങ് വടക്കുമാറി വി. യൗസേപ്പ് പിതാവിന്റെ നാമധേയത്തിൽത്തന്നെ മറ്റൊരു സുറിയാനി പള്ളി 1872-ൽ സ്ഥാപിച്ച് അങ്ങോട്ട് മാറി. അതാണ് ഇന്നത്തെ മതിലകം സുറിയാനിപ്പള്ളി. 14 കുടുംബക്കാരാണ് അക്കാലത്ത് മുന്നോട്ട് വന്നത്.

അന്നത്തെ ദേവാലയത്തിന്റെ മുഖവാരം കനോലിപ്പുഴയ്ക്കഭിമുഖമായി കിഴക്കോട്ടായിരുന്നു. പള്ളിയുടെ മേൽപ്പുര ഓലമേഞ്ഞതും ഭിത്തികൾ പനമ്പും മരപ്പലകകളുംകൊണ്ട് മറച്ചതുമായിരുന്നു. 1904-ൽ സ്ഥാപിച്ച സിമിത്തേരി ഈയിടെ പൊളിച്ചുമാറ്റിയ പഴയ വൈദികമന്ദിരത്തിന്റെ പടിഞ്ഞാറുഭാഗത്തായിരുന്നു. 1940-ന് ശേഷമാണ് ഇന്നത്തെ സിമിത്തേരി ഉണ്ടാക്കിയത്. പൊളിച്ചുമാറ്റിയ വൈദികമന്ദിരത്തിന് നൂറിലേറെ വർഷത്തെ പഴക്കമുണ്ടെന്ന് കരുതുന്നു.

## നവീകരണങ്ങൾ

ദേവാലയത്തിന്റെ ആദ്യപുനരുദ്ധാരണം 1904-ൽ ബഹു. തോട്ടുങ്ങൽ മത്തായി അച്ചന്റെ നേതൃത്വത്തിൽ നടന്നു. 1934-36 കാലഘട്ടത്തിൽ വികാരിയായിരുന്ന ചിറയത്ത് യോഹന്നാനച്ചന്റെ പരിശ്രമഫലമായി

പള്ളിക്ക് നടപ്പുര പണിയിച്ചു. 1933 മുതൽ 1941 വരെയുള്ള കാലത്ത് എടക്കുളം പള്ളിയിലെ ബഹു. വികാരിയച്ചന്മാരായിരുന്നു മതിലകം പള്ളിയിലെ തിരുക്കർമ്മങ്ങളും ആത്മീയകാര്യങ്ങളും നിർവ്വഹിച്ചിരുന്നത്.

## സ്ഥിരവാസമുള്ള വികാരി

1941 മാർച്ച് മാസം മുതൽക്കാണ് ഇവിടെ സ്ഥിരം വികാരിയെ നിയമിച്ചത്. 1947-ൽ വികാരിയായിരുന്ന ബഹു. കാളാശ്ശേരി തോമസച്ചന്റെ നേതൃത്വത്തിലാണ് പള്ളിക്ക് രണ്ടാമത്തെ വിപുലമായ പുനരുദ്ധാരണം നടത്തിയത്. പള്ളിയുടെ മുൻഭാഗം പുതുക്കിപ്പണിതു. പള്ളിക്കുപുറകിൽ സങ്കീർത്തിമുറി പണിതു. സിമിത്തേരിയുടെ വേലി മാറ്റി, മതിലാക്കി കല്ലറകൾ പണിതു. 1959-ൽ ഇടവകയിൽ നിന്നുള്ള പ്രഥമ വൈദികനായ ബഹു. ജോസഫ് പടമാടൻ അച്ചൻ തിരുപ്പട്ടം സ്വീകരിച്ചു.

1964-ൽ വികാരിയായിരുന്ന ബഹു. ജോസഫ് കടമ്പാട്ടുപറമ്പിലച്ചന്റെ ശ്രമഫലമായി പടിഞ്ഞാറെ വെമ്പല്ലൂരിൽ കുരിശുപള്ളിക്കായി 60 സെന്റ് സ്ഥലം വാങ്ങുവാൻ കഴിഞ്ഞു. ഇവിടെ 1974-ൽ പണിയിച്ച കുരിശുപള്ളി ഇന്ന് ഇരിങ്ങാലക്കുട രൂപതയുടെ കീഴിൽ സ്വതന്ത്ര ഇടവകപള്ളിയായി നിലകൊള്ളുന്നു.

1967-ൽ വികാരിയായിരുന്ന ബഹു. ചിറ്റിലപ്പിള്ളി വി. ജോസഫ് അച്ചന്റെ കാലത്ത് പള്ളി നവീകരിക്കുകയും വിസ്തൃതമാക്കുകയും ചെയ്തു. കനോലിപ്പുഴക്കഭിമുഖമായിരുന്ന പള്ളിയുടെ മുഖവാരം 1979-ൽ ബഹു. ആന്റോ തച്ചിൽ അച്ചന്റെ കാലത്ത് പടിഞ്ഞാറെ റോഡിനഭിമുഖമായി നിർമ്മിച്ചു.

## കപ്പേള

ഇടവകയുടെ പരിധിയിൽപ്പെട്ട പെരിഞ്ഞനത്ത് NH-17-ന് സമീപം ബഹു. ആന്റോ തച്ചിലച്ചന്റെ നേതൃത്വത്തിൽ നാല്സെന്റ് സ്ഥലം വാങ്ങി വി. അന്തോണീസിന്റെ നാമത്തിൽ നിർമ്മിച്ച കപ്പേള 1981 ഫെബ്രുവരി 4-ാം തിയതി മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ആശീർവദിച്ചു. ഇവിടെ ചൊവ്വാഴ്ചകളിൽ നൊവേന നടത്തിപ്പോരുന്നു.


സെന്റ് ആന്റണീസ് കപ്പേള

## പാരിഷ് ഹാൾ

ബഹു. വിത്സൻ ഈരത്തറയച്ചന്റെ കാലത്താണ് പള്ളിക്ക് സമീപം പാരിഷ്ഹാൾ പണിതീർത്ത് വെഞ്ചിരിച്ച് ഉദ്ഘാടനം ചെയ്തത്.


പാരിഷ്ഹാൾ

## നവീനദേവാലയം, വൈദികമന്ദിരം

പുതിയ പള്ളി കുന്നിനു താഴെ റോഡിന്നഭിമുഖമായി പണിയുകയാണുണ്ടായത്. പള്ളി പണിക്ക് നേതൃത്വം കൊടുത്തത് ബഹു. ആന്റണി മുക്കാട്ടുകരക്കാരനച്ചനായിരുന്നു. 2001 ഏപ്രിൽ 19-ന് മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ദേവാലയത്തിന്റെ കുദാശാകർമ്മം നടത്തി. വളരെ സൗകര്യപ്രദവും മനോഹരവുമായ പുതിയ പള്ളി ഇന്ന് മതിലകത്തുകാരുടെ അഭിമാനമായി നിലകൊള്ളുന്നു. പിന്നീട് വന്ന ബഹു. തോമസ് ഡി. മാളിയേക്കലച്ചന്റെ നേതൃത്വത്തിൽ നിർമ്മിച്ച പുതിയ വൈദിക മന്ദിരം 21.8.2002-ൽ പിതാവ് ആശീർവദിച്ചു.


വൈദിക മന്ദിരം

വിശുദ്ധ യൗസേപ്പിതാവിന്റെ ഊട്ടുതിരുനാൾ തുടങ്ങുന്നതിന് നേതൃത്വം കൊടുക്കുകയും ഇടവക ഡയറക്ടറി പ്രസിദ്ധീകരിക്കാൻ വേണ്ട മിക്കവാറും കാര്യങ്ങൾ പൂർത്തിയാക്കുകയും ചെയ്ത അവസരത്തിലാണ് വികാരിയായിരുന്ന ബഹു. ജോസ് കുറ്റിക്കാട്ടച്ചൻ 2003-ൽ വാഹനാപകടത്തിൽ ആകസ്മികമായി മരണമടഞ്ഞത്.

## സെന്റ് ജോസഫ്സ് കോൺവെന്റ്

ബഹു. ജോസഫ് ഗോപുരം അച്ചൻ വികാരിയായിരുന്ന കാലത്ത് 2.6.2003-ൽ സൊസൈറ്റി ഓഫ് ലേഡീസ് ഓഫ് മേരി ഇമാകുലേറ്റ് (എസ്. എൽ. എം. ഐ) കോൺഗ്രിഗേഷന്റെ ഒരു മഠം ചക്കരപ്പാടത്ത് ബഹു. ജോസഫ് പടമാടനച്ചൻ നല്കിയ കെട്ടിടത്തിൽ



സെന്റ് ജോസഫ്സ് കോൺവെന്റ്

പ്രവർത്തനം ആരംഭിക്കുകയും പിന്നീട് പള്ളിക്ക് എതിർവശത്തുള്ള സ്ഥലം വാങ്ങി പുതിയ കെട്ടിടം പണിത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഭൂരിഭാഗം ഇടവകാംഗങ്ങൾ ഭൂമിശാസ്ത്രപരമായി പള്ളിയിൽ നിന്ന് വളരെ അകലെ താമസിക്കുന്ന ഒരവസ്ഥയാണ് മതിലകം ഇടവകയിലേത്. കേവലം 265 വീട്ടുകാരുള്ള ഈ ഇടവകയുടെ വിസ്തൃതി അഞ്ചു ഗ്രാമപഞ്ചായത്തുകളിലായാണ് നിലകൊള്ളുന്നത്.



മതബോധന ഹാളാക്കിമാറ്റിയ പഴയ പള്ളി